**മധുരമായ കുട്ടികളെ - ബാബ വന്നിരിക്കുന്നു നിങ്ങൾ കുട്ടികളെ കൊടുംപാപ നരകത്തിൽ നിന്നും രക്ഷിക്കുന്നതിന്, നിങ്ങൾ കുട്ടികൾ ബാബയെ ക്ഷണിച്ചതും ഇതിന് വേണ്ടിയാണ്**

**ചോദ്യം:-** നിങ്ങൾ കുട്ടികൾ ഏറ്റവും വലിയ ശില്പിയാണ് - എങ്ങനെ? നിങ്ങളുടെ നിർമ്മിതി എന്താണ്?
**ഉത്തരം:-** നമ്മൾ കുട്ടികൾ ഇങ്ങനെയുള്ള നിർമ്മാണമാണ് ചെയ്യുന്നത് അതിലൂടെ മുഴുവൻ ലോകവും പുതിയതായി മാറുന്നു, ഇതിന് വേണ്ടി നമ്മൾ കല്ലോ ഇഷ്ടികയോ ഉപയോഗിക്കുന്നില്ല എന്നാൽ ഓർമ്മയുടെ യാത്രയിലൂടെ പുതിയ ലോകം നിർമ്മിക്കുന്നു. നമുക്ക് സന്തോഷമുണ്ട് എന്തുകൊണ്ടെന്നാൽ നമ്മൾ പുതിയ ലോകത്തിന്റെ നിർമ്മാണം നടത്തിക്കൊണ്ടിരിക്കുകയാണ്. പിന്നീട് നമ്മൾ തന്നെ ഇങ്ങനെയുള്ള സ്വർഗ്ഗത്തിന്റെ അധികാരിയായി മാറും.

**ഓം ശാന്തി**. മധുര മധുരമായ ആത്മീയ കുട്ടികളെ പ്രതി ആത്മീയ അച്ഛൻ മനസ്സിലാക്കിത്തരികയാണ്, നിങ്ങൾ നിങ്ങളുടെ സ്വന്തം ഗ്രാമങ്ങളിൽ നിന്നും പുറപ്പെടുമ്പോൾ നിങ്ങളുടെ ബുദ്ധിയിൽ ഉണ്ടാകും നമ്മൾ ശിവബാബയുടെ പാഠശാലയിലേയ്ക്ക് പോവുകയാണ്. ഏതെങ്കിലും സാധു സന്യാസിമാരുടെ ദർശനം ചെയ്യാൻ അല്ലെങ്കിൽ ശാസ്ത്രമേതെങ്കിലും കേൾക്കാനല്ല വരുന്നത്. നമ്മൾ ശിവബാബയുടെ അടുത്തേയ്ക്കാണ് പോകുന്നത് എന്നത് നിങ്ങൾക്ക് അറിയാം. ലോകത്തിലുള്ള മനുഷ്യർ കരുതുന്നത് ശിവൻ മുകളിൽ ഇരിക്കുകയാണ് എന്നാണ്. അവർ ഓർമ്മിക്കുമ്പോൾ കണ്ണുകൾ തുറന്ന് ഇരിക്കാറില്ല. അവർ കണ്ണുകൾ അടച്ച് ധ്യാനത്തിൽ ഇരിക്കുന്നു. ശിവലിംഗം കണ്ടിട്ടുണ്ടാകുമല്ലോ. ശിവക്ഷേത്രങ്ങളിൽ ചെന്നാലും ശിവനെ ഓർമ്മിക്കുമ്പോൾ മുകളിലേയ്ക്ക് നോക്കും ഇല്ലെങ്കിൽ ക്ഷേത്രം ഓർമ്മ വരും. പലരും പിന്നീട് കണ്ണുകൾ അടച്ച് ഇരിക്കും. ദൃഷ്ടി ഏതെങ്കിലും നാമ രൂപത്തിലേയ്ക്ക് പോയാൽ തന്റെ സാധന മുറിയും എന്നു കരുതുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അറിയാം നമ്മളും ശിവബാബയെ ഓർമ്മിക്കുമായിരുന്നു. ചിലർ കൃഷ്ണനെ ഓർമ്മിക്കും, ചിലർ രാമനെ ഓർമ്മിക്കും എന്നാൽ ചിലർ തന്റെ ഗുരുവിനെയായിരിക്കും ഓർമ്മിക്കുന്നത്, ഗുരുവിന്റെ ചെറിയ ലോക്കറ്റ് നിർമ്മിച്ച് അത് ധരിക്കുന്നു. ഗീതയുടേയും വളരെ ചെറിയ ലോക്കറ്റ് നിർമ്മിച്ച് ധരിക്കുന്നു. ഭക്തിമാർഗ്ഗത്തിൽ എല്ലാം ഇങ്ങനെതന്നെയാണ്. വീട്ടിൽ ഇരുന്നും ഓർമ്മിക്കും. ഓർമ്മയിൽ യാത്രകൾ നടത്തുകയും ചെയ്യും. ചിത്രം വീട്ടിൽ വെച്ചും പൂജ ചെയ്യാൻ സാധിക്കും എങ്കിലും ഇത് ഭക്തിയിലെ ആചാരമാണ്. ജന്മ ജന്മാന്തരങ്ങളായി യാത്രകൾ നടത്തുന്നു. നാല് ധാമങ്ങളുടെ യാത്ര നടത്തുന്നു. നാലുധാമങ്ങൾ എന്ന് എന്തുകൊണ്ടാണ് പറയുന്നത്? തെക്ക്, വടക്ക്, കിഴക്ക്, പടിഞ്ഞാറ്... നാലുഭാഗത്തും ചുറ്റിക്കറങ്ങുന്നു. ഭക്തി മാർഗ്ഗം ആരംഭിക്കുമ്പോൾ ഒരാളുടെ മാത്രം ഭക്തിയായിരുന്നു ചെയ്തിരുന്നത് അതിനെയാണ് അവ്യഭിചാരീ ഭക്തി എന്നു പറയുന്നത്. സതോപ്രധാനമായിരുന്നു എന്നാൽ ഈ സമയത്ത് തമോപ്രധാനമാണ്. ഭക്തിയും വ്യഭിചാരിയായി അനേകംപേരെ ഓർമ്മിച്ചുകൊണ്ടിരിക്കുന്നു. തമോപ്രധാനമായ 5 തത്വങ്ങളാൽ നിർമ്മിതമായ ശരീരത്തേയും പൂജിക്കുന്നു. അതിനാൽ ഇത് തമോപ്രധാനമായ ഭൂതങ്ങളുടെ പൂജയാണ്, പക്ഷേ ഈ കാര്യങ്ങൾ ആരെങ്കിലും മനസ്സിലാക്കുന്നുണ്ടോ. തീർച്ചയായും ഇവിടെ ഇരിക്കുന്നുണ്ട് പക്ഷേ ബുദ്ധിയോഗം എവിടെയെല്ലാമോ അലയുന്നു. ഇവിടെ നിങ്ങൾ കുട്ടികൾക്ക് തന്റെ കണ്ണുകൾ അടച്ച് ഇരുന്ന് ശിവബാബയെ ഓർമ്മിക്കേണ്ടതില്ല. അറിയാം ബാബ വളരെ വളരെ ദൂരദേശത്ത് വസിക്കുന്നവരാണ്. ബാബ വന്ന് കുട്ടികൾക്ക് ശ്രീമതം നൽകുന്നു. ശ്രീമതത്തിലൂടെ നടക്കുന്നതിലൂടെ മാത്രമേ ശ്രേഷ്ഠ ദേവതയാകൂ. ദേവതകളുടെ മുഴുവൻ രാജധാനിയും സ്ഥാപിതമാവുകയാണ്. നിങ്ങൾ ഇവിടെ ഇരുന്നുകൊണ്ട് തന്റെ ദേവീ ദേവതാ രാജ്യം സ്ഥാപിക്കുകയാണ്. അത് എങ്ങനെയാണ് സ്ഥാപിക്കപ്പെടുന്നത് എന്ന് നിങ്ങൾക്ക് ഇതിനുമുമ്പ് അറിയുമായിരുന്നോ. ഇപ്പോൾ അറിയാം ബാബ നമ്മുടെ അച്ഛനുമാണ്, ടീച്ചറായി മാറി പഠിപ്പിക്കുന്നുമുണ്ട് മാത്രമല്ല പിന്നീട് സദ്ഗതി നൽകി കൂടെക്കൊണ്ടുപോവുകയും ചെയ്യും. ഗുരുക്കൻമാർ ആരുടേയും സദ്ഗതി ചെയ്യുന്നില്ല. ഇവിടെ നിങ്ങൾക്ക് മനസ്സിലാക്കിത്തരുന്നു- ബാബ ഒരേയൊരു അച്ഛനും ടീച്ചറും സദ്ഗുരുവുമാണ്. ബാബയിൽ നിന്ന് സമ്പത്ത് ലഭിക്കും, സദ്ഗുരു പഴയ ലോകത്തിൽ നിന്നും പുതിയ ലോകത്തിലേയ്ക്ക് കൊണ്ടുപോകും. ഈ കാര്യങ്ങൾ വളരെ പ്രായം ചെന്ന മാതാക്കൾക്ക് മനസ്സിലാക്കാൻ സാധിക്കില്ല. അവർക്ക് മുഖ്യമായ കാര്യം സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ശിവബാബയെ ഓർമ്മിക്കുക എന്നതാണ്. നമ്മൾ ശിവബാബയുടെ കുട്ടികളാണ്, നമുക്ക് ബാബ സ്വർഗ്ഗത്തിന്റെ സമ്പത്ത് നൽകും. വൃദ്ധരായ മാതാക്കൾക്ക് പിന്നീട് ഇങ്ങനെ തത്തയുടെ ഭാഷയിൽ ഇരുന്ന് മനസ്സിലാക്കിക്കൊടുക്കണം. ബാബയിൽ നിന്നും സമ്പത്ത് എടുക്കാൻ ഓരോ കുട്ടിക്കും അവകാശമുണ്ട്. മരണം മുന്നിൽ നിൽക്കുകയാണ്. പഴയ ലോകം തീർച്ചയായും പിന്നീട് പുതിയതാകും. പുതിയത് പഴയതും ആകും. വീട്

നിർമ്മിക്കാൻ കുറച്ച് സമയമേ വേണ്ടൂ എന്നാൽ അത് പഴയതാകാൻ 100 വർഷം എടുക്കും.

നിങ്ങൾ കുട്ടികൾക്ക് അറിയാം ഈ പഴയ ലോകം ഇപ്പോൾ വിനാശമാകണം. ഇപ്പോൾ നടക്കുന്ന ഈ യുദ്ധം 5000 വർഷങ്ങൾക്ക് ശേഷവും നടക്കും. ഈ കാര്യങ്ങൾ പ്രായമായവർക്ക് മനസ്സിലാക്കാൻ സാധിക്കില്ല. അവർക്ക് മനസ്സിലാക്കിക്കൊടുക്കുക എന്നത് ബ്രാഹ്മണിമാരുടെ ജോലിയാണ്. അവർക്ക് ഒരു വാക്കുതന്നെ ധാരാളമാണ്– സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. നിങ്ങൾ ആത്മാക്കൾ പരമധാമത്തിൽ വസിക്കുന്നവരാണ്. പിന്നീട് ഇവിടെ വന്ന് ശരീരമെടുത്ത് പാർട്ട് അഭിനയിക്കുന്നു. ആത്മാവ് ഇവിടെ സുഖത്തിന്റേയും ദുഃഖത്തിന്റേയും പാർട്ട് അഭിനയിക്കുന്നു. പ്രധാനകാര്യം ബാബ പറയുന്നു– എന്നെ ഓർമ്മിക്കൂ ഒപ്പം സുഖധാമത്തെ ഓർമ്മിക്കൂ. ബാബയെ ഓർമ്മിക്കുന്നതിലൂടെ പാപം ഇല്ലാതാകും ശേഷം സ്വർഗ്ഗത്തിൽ വരും. ഇപ്പോൾ ആര് എത്ര ഓർമ്മിക്കുന്നുവോ അത്രയും പാപം ഇല്ലാതാകും. വൃദ്ധകൾ ആശ്ചര്യചകിതരാണ്, സത്സംഗങ്ങളിൽ ചെന്ന് കഥകൾ കേൾക്കുന്നു. അവർക്ക് പിന്നീട് ഇടക്കിടെ ബാബയുടെ ഓർമ്മ ഉണർത്തണം. സ്ക്കൂളിൽ പഠിപ്പാണ് നടക്കുക അല്ലാതെ കഥകൾ കേൾക്കാറില്ല. ഭക്തിമാർഗ്ഗത്തിൽ നിങ്ങൾ അനേകം കഥകൾ കേട്ടിട്ടുണ്ട് പക്ഷേ അതുകൊണ്ട് ഒരു പ്രയോജനവുമില്ല. മോശമായ ലോകത്തിൽ നിന്നും പുതിയ ലോകത്തിലേയ്ക്ക് പോകാൻ സാധിക്കില്ല. മനുഷ്യർക്ക് രചയിതാവായ ബാബയേയോ രചനയേയോ അറിയില്ല. ഇതുമല്ല സത്യം ഇതുമല്ല സത്യം എന്നു പറയുന്നു. നിങ്ങൾക്കും മുമ്പ് അറിയില്ലായിരുന്നു. ഇപ്പോൾ നിങ്ങൾ ഭക്തിമാർഗ്ഗത്തെ നല്ലരീതിയിൽ മനസ്സിലാക്കിക്കഴിഞ്ഞു. വളരെയധികം പേരുടെ വീട്ടിൽ മൂർത്തികളുണ്ടാകും, സാധനം അതുതന്നെയാണ്, ചില ഭർത്താക്കന്മാർ പത്നിയോട് പറയും – നീ വീട്ടിൽ മൂർത്തി വെച്ച് പൂജ ചെയ്യൂ. കഷ്ടപ്പെട്ട് പുറത്ത് എന്തിനാണ് പോകുന്നത്, പക്ഷേ അവർക്ക് ഭാവനയുണ്ടാകും. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കി തീർത്ഥയാത്രകൾ നടത്തുക അർത്ഥം ഭക്തിമാർഗ്ഗത്തിൽ അലഞ്ഞുതിരിഞ്ഞ് ക്ഷീണിതരാവുക. അനേകം തവണ നിങ്ങൾ 84 ന്റെ ചക്രം കറങ്ങിയിട്ടുണ്ട്. സത്യത്രേതായുഗങ്ങളിൽ ഒരു യാത്രയും ഉണ്ടാകില്ല. അവിടെ ക്ഷേത്രങ്ങളൊന്നും ഉണ്ടാകില്ല. ഈ യാത്രകളെല്ലാം ഭക്തിമാർഗ്ഗത്തിലാണ് ഉണ്ടാവുക. ജ്ഞാനമാർഗ്ഗത്തിൽ ഇതൊന്നും ഉണ്ടാകില്ല. അതിനെ ഭക്തി എന്നാണ് വിളിക്കുന്നത്. ജ്ഞാനം നൽകാൻ ഒരാൾക്കല്ലാതെ മറ്റാർക്കും സാധിക്കില്ല. ജ്ഞാനത്തിലൂടെയാണ് സദ്ഗതി ഉണ്ടാകുന്നത്. സദ്ഗതി ദാതാവ് ഒരേയൊരു ബാബയാണ്. ശിവബാബയെ ആരും ശ്രീ ശ്രീ എന്നു വിളിക്കില്ല, ബാബയ്ക്ക് ടൈറ്റിലിന്റെ ഒരു ആവശ്യവുമില്ല. ഇത് പൊങ്ങച്ചം പറയുകയാണ്, എന്നാൽ ബാബയെ ശിവബാബ എന്നാണ് വിളിക്കുന്നത്. ശിവബാബാ ഞങ്ങൾ പതിതമായിരിക്കുന്നു, വന്ന് ഞങ്ങളെ പാവനമാക്കി മാറ്റൂ എന്നുപറഞ്ഞ് നിങ്ങൾ വിളിക്കുന്നു. ഭക്തിമാർഗ്ഗത്തിൽ ചതുപ്പുനിലത്തിൽ കഴുത്തുവരെ മുങ്ങിയിരിക്കുകയാണ്. കുടുങ്ങിയശേഷം പിന്നീട് നിലവിളിക്കുന്നു, ലൗകിക കാര്യങ്ങളാകുന്ന ചതുപ്പുനിലത്തിൽ പൂർണ്ണമായും കുടുങ്ങിയിരിക്കുന്നു. ഏണിപ്പടി താഴേയ്ക്ക് ഇറങ്ങി ഇറങ്ങി വന്ന് കുടുങ്ങിപ്പോയി. ആർക്കും ഒന്നും അറിയുന്നില്ല, അതിനാലാണ് പറയുന്നത് ബാബാ ഞങ്ങളെ രക്ഷിക്കൂ എന്ന്. ബാബയ്ക്കും ഡ്രാമ അനുസരിച്ച് വരേണ്ടിവരുന്നു. ബാബ പറയുന്നു ഞാൻ രക്ഷകനാണ്, ഇവർ എല്ലാവരേയും ചെളിക്കുണ്ടിൽ നിന്നും പുറത്ത് എടുക്കുന്നു. ഇതിനെ കൊടുംപാപ നരകം എന്നാണ് പറയുന്നത്. രൗരവ നരകം എന്നും പറയും. ഇത് ബാബ ഇരുന്ന് മനസ്സിലാക്കിത്തരുകയാണ്, അവർ ഇത് അല്പമെങ്കിലും അറിയുന്നുണ്ടോ.

നോക്കൂ നിങ്ങൾ എങ്ങനെയാണ് ബാബയെ വിളിച്ചിരുന്നത്. സാധാരണ വിവാഹത്തിനോ അതുപോലുള്ള ആഘോഷങ്ങൾക്കോ ആണ് ക്ഷണിക്കാറ്. നിങ്ങൾ പറയുന്നു– അല്ലയോ പതിതപാവനനായ ബാബാ, ഈ പതിത ലോകത്തിൽ, രാവണന്റെ പഴയലോകത്തിലേയ്ക്ക് വരൂ. ഞങ്ങൾ കഴുത്തുവരെ ഇതിൽ മുങ്ങിക്കിടക്കുകയാണ്. ബാബയ്ക്കല്ലാതെ മറ്റാർക്കും ഇതിൽ നിന്നും രക്ഷിക്കാൻ സാധിക്കില്ല. ദൂരദേശത്ത് വസിക്കുന്ന ശിവബാബാ എന്നു വിളിക്കുന്നുണ്ട്, ഇത് രാവണന്റെ ദേശമാണ്. എല്ലാവരുടേയും ആത്മാവ് തമോപ്രധാനമായിരിക്കുന്നു അതിനാലാണ് വന്ന് പാവനമാക്കിമാറ്റൂ എന്നു പറഞ്ഞ് വിളിക്കുന്നത്. പതിത പാവന സീതാറാം എന്ന് ഉറക്കെ വിളിക്കുന്നു. അവർ പവിത്രമായിരിക്കുന്നു എന്നല്ല. ഈ ലോകം തന്നെ പതിതമാണ്, രാവണരാജ്യമാണ്, ഇതിൽ നിങ്ങൾ കുടുങ്ങിയിരിക്കുന്നു. പിന്നീട് ഈ ക്ഷണം നൽകി– ബാബാ വന്ന് ഞങ്ങളെ ഈ കൊടുംപാപ നരകത്തിൽ നിന്നും രക്ഷിക്കൂ. അതിനാൽ ബാബ വന്നു. നിങ്ങളുടെ എത്ര അനുസരണയുള്ള സേവകനാണ്. ഡ്രാമയിൽ നിങ്ങൾ കുട്ടികൾ അപാരദുഃഖം കണ്ടു. സമയം കഴിഞ്ഞുപോയിക്കൊണ്ടിരിക്കുന്നു. ഒരു സെക്കന്റ് അടുത്ത സെക്കന്റു പോലെയല്ല. ഇപ്പോൾ ബാബ നിങ്ങളെ ലക്ഷ്മീ നാരായണനെപ്പോലെയാക്കി മാറ്റുകയാണ് പിന്നീട് നിങ്ങൾ അരകല്പം രാജ്യം ഭരിക്കും– ഇത് സ്മൃതിയിലേയ്ക്ക് കൊണ്ടുവരൂ. ഇപ്പോൾ വളരെ കുറച്ച് സമയമേയുള്ളൂ. മരണം ആരംഭിച്ചാൽ മനുഷ്യർ പരിഭ്രാന്തരാകും. അല്പ സമയം കൊണ്ട് എന്തുസംഭവിക്കും. ചിലർക്ക് ശബ്ദം കേട്ടു തന്നെ ഹൃദയാഘാതം ഉണ്ടാകും. എങ്ങനെ മരിക്കും എന്ന കാര്യം ചോദിക്കുകയേ വേണ്ട. നോക്കൂ

വളരെ അധികം വൃദ്ധരായ മാതാക്കൾ വന്നിട്ടുണ്ട്. പാവങ്ങൾക്ക് ഒന്നും മനസ്സിലാക്കാൻ സാധിക്കില്ല. തീർത്ഥയാത്രകൾക്ക് പോകുമ്പോൾ ഒരാൾ മറ്റൊരാളെക്കാണുമ്പോൾ ഞാനും വരാം എന്നു പറയാറില്ലേ അതുപോലെയാണ്.

ഇപ്പോൾ നിങ്ങൾക്ക് അറിയാം ഭക്തിമാർഗ്ഗത്തിലെ തീർത്ഥയാത്ര എന്നു പറഞ്ഞാൽ അതിനർത്ഥം തന്നെ താഴെ ഇറങ്ങുക, തമോപ്രധാനമായി മാറുക എന്നതാണ്. വലുതിലും വലിയ യാത്ര നിങ്ങളുടേതാണ്. നിങ്ങൾ പതിത ലോകത്തിൽ നിന്നും പാവനലോകത്തിലേയ്ക്ക് പോകുന്ന യാത്രയാണ് നടത്തുന്നത്. അതിനാൽ ഈ കുട്ടികൾക്ക് ശിവബാബയുടെ എന്തെങ്കിലും ഓർമ്മ ഉണർത്തിക്കൊടുക്കൂ. ശിവബാബയുടെ പേര് ഓർമ്മയുണ്ടോ? കുറച്ച് എന്തെങ്കിലും കേട്ടാൽത്തന്നെ സ്വർഗ്ഗത്തിലേയ്ക്ക് വരും. ഈ ഫലം തീർച്ചയായും ലഭിക്കണം. ബാക്കി പദവി പഠിപ്പിലൂടെയാണ്. അതിൽ വളരെ വ്യത്യാസം ഉണ്ടാകും. ഉയർന്നതിലും ഉയർന്നത് അല്ലെങ്കിൽ കുറഞ്ഞതിലും കുറഞ്ഞത്, രാത്രിയും പകലും തമ്മിലുള്ള വ്യത്യാസമുണ്ട്. പ്രധാനമന്ത്രി എവിടെ, സേവകർ എവിടെ. രാജധാനിയിൽ നമ്പർവൈസ് ആയിരിക്കും. സ്വർഗ്ഗത്തിലും രാജധാനി ഉണ്ടാകും. പക്ഷേ അവിടെ പാപാത്മാക്കളും അഴുക്കുനിറഞ്ഞ വികാരികളും ഉണ്ടാകില്ല. അത് നിർവ്വികാരീ ലോകമാണ്. നിങ്ങൾ പറയും ഞങ്ങൾ എന്തായാലും ഈ ലക്ഷ്മീ നാരായണന്മാരായി മാറും. നിങ്ങൾ കൈ ഉയർത്തുന്നത് കണ്ട് വൃദ്ധരായ മാതാക്കളും കൈ ഉയർത്തും. ഒന്നും മനസ്സിലാക്കിയിട്ടല്ല. എന്നാലും ബാബയുടെ അടുത്തേയ്ക്ക് വന്നിട്ടുണ്ടെങ്കിൽ തീർച്ചയായും സ്വർഗ്ഗത്തിലേയ്ക്ക് പോകും പക്ഷേ എല്ലാവരും ഇങ്ങനെയായി മാറില്ല. പ്രജകളും ഉണ്ടാകും. ബാബ പറയുന്നു ഞാൻ ഏഴകളുടെ തോഴനാണ്, അതിനാൽ ബാബ പാവങ്ങളെ കണ്ട് സന്തോഷിക്കുന്നു. എത്ര വലിയ ധനികനുമാവട്ടെ, കോടിപതിയാവട്ടെ, അവരിലും ഉയർന്നവരായിരിക്കും ഇവർ അതും 21 ജന്മങ്ങളിലേയ്ക്ക്. ഇതും നല്ലതാണ്. വൃദ്ധരായ മാതാക്കളെ കണുമ്പോൾ പിന്നെയും ബാബയ്ക്ക് സന്തോഷമാണ് കാരണം കൃഷ്ണപുരിയിലേയ്ക്ക് പോകുമല്ലോ. ഇത് രാവണപുരിയാണ്, ആരാണോ നല്ലരീതിയിൽ പഠിക്കുന്നത് അവർ കൃഷ്ണനെ മടിയിൽ ഉറക്കും. പ്രജകൾക്ക് ഉള്ളിലേയ്ക്ക് വരാൻ സാധിക്കുമോ. അവർ എപ്പോഴെങ്കിലും കാണുകയേ ചെയ്യൂ. എങ്ങനെയാണോ പോപ്പിനെ കാണുന്നത്, ജനലിലൂടെ, ലക്ഷക്കണക്കിന് ആളുകൾ ഒരുമിച്ച് കൂടും ദർശനം ചെയ്യാൻ. പക്ഷേ അവരെ എന്ത് ദർശനം ചെയ്യാനാണ്. സദാ പാവനമായിരിക്കുന്നത് ഒരേയൊരു ബാബയാണ്, ആ ബാബയാണ് വന്ന് നിങ്ങളെ പാവനമാക്കുന്നത്. മുഴുവൻ വിശ്വത്തേയും സതോപ്രധാനമാക്കുന്നു. അവിടെ ഈ 5 ഭൂതങ്ങൾ ഉണ്ടാകില്ല. 5 തത്വങ്ങളും സതോപ്രധാനമായിരിക്കും, നിങ്ങളുടെ അടിമയായി മാറും. ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിൽ ചൂട് ഒരിയ്ക്കലും അവിടെ ഉണ്ടാകില്ല. 5 തത്വങ്ങളും നിയമം അനുസരിച്ച് നടക്കും. അകാലമൃത്യു ഉണ്ടാകില്ല. ഇപ്പോൾ നിങ്ങൾ സ്വർഗ്ഗത്തിലേയ്ക്ക് പോവുകയാണ് അതിനാൽ നരകത്തിൽ നിന്നും ബുദ്ധിയോഗം വേർപെടുത്തണം. എങ്ങനെയാണോ പുതിയ വീട് നിർമ്മിക്കുമ്പോൾ പഴയതിൽ നിന്നും ബുദ്ധി മാറുന്നത് അതുപോലെ. ബുദ്ധി പുതിയതിലേയ്ക്ക് പോകും, എന്നാൽ ഇത് പരിധിയില്ലാത്ത കാര്യമാണ്. പുതിയ ലോകത്തിന്റെ സ്ഥാപന നടക്കുകയാണ്, പഴയതിന്റെ വിനാശം ഉണ്ടാകണം. പുതിയ ലോകമായ സ്വർഗ്ഗം നിർമ്മിക്കുന്നവർ നിങ്ങളാണ്. നിങ്ങൾ വളരെ നല്ല ശില്പികളാണ്. തനിക്കായി സ്വർഗ്ഗം നിർമ്മിക്കുകയാണ്. എത്ര നല്ല വലിയ നിർമ്മാണമാണ്, ഓർമ്മയുടെ യാത്രയിലൂടെ പുതിയ ലോകമായ സ്വർഗ്ഗം നിർമ്മിക്കുന്നു. കുറച്ച് ഓർമ്മിച്ചാൽ മതി സ്വർഗ്ഗത്തിൽ വരും. നിങ്ങൾ ഗുപ്തവേഷത്തിൽ തന്റെ സ്വർഗ്ഗം നിർമ്മിക്കുകയാണ്. അറിയാം നമ്മൾ ഈ ശരീരം ഉപേക്ഷിച്ച് പോയി സ്വർഗ്ഗത്തിൽ വസിക്കും അതിനാൽ ഇങ്ങനെയുള്ള പരിധിയില്ലാത്ത അച്ഛനെ മറക്കാൻ പാടില്ല. ഇപ്പോൾ നിങ്ങൾ സ്വർഗ്ഗത്തിലേയ്ക്ക് പോകുന്നതിനായി പഠിച്ചുകൊണ്ടിരിക്കുകയാണ്. തന്റെ രാജധാനി സ്ഥാപിക്കുന്നതിനായി പുരുഷാർത്ഥം ചെയ്യുകയാണ്. ഈ രാവണന്റെ രാജധാനി നശിക്കാനുള്ളതാണ്. അപ്പോൾ ഉള്ളിൽ എത്ര സന്തോഷമുണ്ടാകണം. നമ്മൾ ഈ സ്വർഗ്ഗം അനേകം തവണ നിർമ്മിച്ചിട്ടുണ്ട്, രാജധാനി നേടി പിന്നീട് നഷ്ടപ്പെടുത്തി. ഇതും ഓർമ്മിക്കുകയാണെങ്കിൽ വളരെ നല്ലതാണ്. നമ്മൾ സ്വർഗ്ഗത്തിലെ അധികാരികളായിരുന്നു, ബാബ നമ്മളെ ഇങ്ങനെയാക്കി മാറ്റിയിട്ടുണ്ടായിരുന്നു. ബാബയെ ഓർമ്മിച്ചാൽ നിങ്ങളുടെ പാപം ഭസ്മമാകും. എത്ര സഹജമായ രീതിയിലാണ് നിങ്ങൾ സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നത്. പഴയലോകത്തിന്റെ വിനാശത്തിനായി എത്ര സാധനങ്ങളാണ് കണ്ടുപിടിച്ചുകൊണ്ടിരിക്കുന്നത്. പ്രകൃതിക്ഷോഭം, മിസൈലുകൾ മുതലായവയിലൂടെ മുഴുവൻ പഴയലോകവും നശിക്കും. ഇപ്പോൾ ബാബ വന്നിരിക്കുകയാണ് നിങ്ങൾക്ക് ശ്രേഷ്ഠ മതം നൽകുവാൻ, ശ്രേഷ്ഠമായ സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുവാൻ. അനേകം തവണ നിങ്ങൾ ഇത് സ്ഥാപിച്ചിട്ടുണ്ട് അതിനാൽ ബുദ്ധിയിൽ ഓർമ്മയുണ്ടായിരിക്കണം. അനേകം തവണ രാജ്യം നേടി പിന്നീട് നഷ്ടപ്പെടുത്തി. ഇത് ബുദ്ധിയിൽ കറങ്ങിക്കൊണ്ടിരിക്കണം ഒപ്പം മറ്റുള്ളവരെ ഈ കാര്യങ്ങൾ കേൾപ്പിക്കുകയും വേണം. ലോകത്തിലെ കാര്യങ്ങളിൽ സമയം കളയരുത്. ബാബയെ ഓർമ്മിക്കൂ, സ്വദർശന ചക്രധാരിയായി മാറൂ. ഇവിടെ കുട്ടികൾ നല്ലരീതിയിൽ കേട്ട് പിന്നീട് നല്ലപോലെ അയവിറക്കണം, ബാബ എന്താണ് കേൾപ്പിച്ചത് എന്നത്

മനനം ചെയ്യണം. ശിവബാബയേയും സമ്പത്തിനേയും തീർച്ചയായും ഓർമ്മിക്കണം. ബാബ കൈവെള്ളയിൽ സ്വർഗ്ഗവുമായി വന്നിരിക്കുകയാണ്, പവിത്രമായും മാറണം. പവിത്രമായി മാറിയില്ലെങ്കിൽ ശിക്ഷകൾ അനുഭവിക്കേണ്ടതായി വരും. പദവിയും വളരെ ചെറുതാകും. സ്വർഗ്ഗത്തിൽ ഉയർന്ന പദവി നേടണമെങ്കിൽ നല്ല രീതിയിൽ ധാരണ ചെയ്യൂ. ബാബ വളരെ സഹജമായ വഴിയാണ് പറഞ്ഞുതരുന്നത്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ബാബ എന്താണോ കേൾപ്പിക്കുന്നത് അത് നല്ലരീതിയിൽ കേട്ട് പിന്നീട് അയവിറക്കണം. ലോക കാര്യങ്ങളിൽ തന്റെ സമയത്തെ പാഴാക്കരുത്.

2) ബാബയെ ഓർമ്മിക്കുന്നതിനായി കണ്ണുകൾ അടച്ച് ഇരിക്കരുത്. ശ്രീകൃഷ്ണന്റെ രാജധാനിയിൽ വരുന്നതിനായി പഠിപ്പ് നല്ലരീതിയിൽ പഠിക്കണം.

## വരദാനം:- മനസ്സിനെയും ബുദ്ധിയെയും പ്രശ്നങ്ങളിൽ നിന്ന് മാറ്റി കൂടിക്കാഴ്ചയുടെ മേള ആഘോഷിക്കുന്ന കുഴപ്പങ്ങളിൽ നിന്ന് മുക്തരായി ഭവിക്കട്ടെ.

പല കുട്ടികളും ഇങ്ങനെ ചിന്തിക്കുന്നു ഈ പ്രശ്നങ്ങളെല്ലാം അവസാനിച്ചാൽ ഞങ്ങളുടെ അവസ്ഥയും സേവനവും നന്നാവുമായിരുന്നു, പക്ഷെ പ്രശ്നങ്ങൾ പർവ്വതത്തെപ്പോലെയാണ്. പർവ്വതം മാറിത്തരികയില്ല, മറിച്ച് എവിടെ പ്രശ്നങ്ങളുണ്ടോ അവിടെ നിന്ന് തങ്ങളുടെ മനോ-ബുദ്ധിയെ മാറ്റൂ, അതായത് പറക്കുന്ന കലയിലൂടെ പ്രശ്നങ്ങളാകുന്ന പർവ്വതത്തെയും മറികടന്ന് പോകൂ എങ്കിൽ പർവ്വതവും താങ്കൾക്ക് സഹജമായി അനുഭവപ്പെടും. പ്രശ്നങ്ങളുടെ ലോകത്തിൽ പ്രശ്നങ്ങൾ വരിക തന്നെ ചെയ്യും, താങ്കൾ മുക്തരായിരിക്കൂ എങ്കിൽ കൂടിക്കാഴ്ച ആഘോഷിക്കാൻ സാധിക്കും.

## സ്ലോഗൻ:- ഈ പരിധിയില്ലാത്ത നാടകത്തിൽ ഹീറോ പാർട്ട് അഭിനയിക്കുന്നവർ തന്നെയാണ് ഹീറോ പാർട്ട് ധാരികൾ.